# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 91 07.08.2017-ൽ മറുപടിയ്ക്ക്

**ശ്രീമതി സക്കീന സെയ്ഫ് സമർപ്പിച്ച അപേക്ഷ**

**ചോദ്യം**

ശ്രീ.കെ.ജെ.മാക്സി

സെക്രട്ടേറിയറ്റിലെ 408/എ3/2017/നോർക്ക എന്ന ഫയലിൽ കൈകാര്യം ചെയ്യുന്ന കൊച്ചി നിയോജകമണ്ഡലത്തിലെ ശ്രീമതി സക്കീന സെയ്ഫ് സമർപ്പിച്ച അപേക്ഷയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്; അപേക്ഷയിൽ പ്രതിപാദിച്ചിട്ടുള്ള കാര്യത്തിൽ എന്തെങ്കിലും മറുപടി സൗദി അറേബ്യൻ അധികാരികളിൽനിന്ന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

**മറുപടി**

ശ്രീ.പിണറായി വിജയൻ
(മുഖ്യമന്ത്രി)

സൗദി അറേബ്യയിലെ റിയാദിൽ നിന്നും 350 കി.മീ. അകലെയുള്ള റുവൈദ എന്ന സ്ഥലത്ത് വീട്ടു ജോലിയ്ക്കായി പോയ കൊച്ചി നിയോജകമണ്ഡലത്തിലെ ശ്രീമതി.സക്കീന സെയ്ഫിന്റെ മകൾ ശ്രീമതി.സജിത തൊഴിലുടമയുടെ പീഡനത്താൽ കഷ്ടപ്പെട്ടുകയാണെന്നും, വിദേശത്ത് തുടരാൻ തന്റെ മകൾക്ക് യാതൊരു തരത്തിലും കഴിയില്ലായെന്നും, അതിനാൽ ടിയാളെ നാട്ടിലെത്തിക്കാൻ സഹായിക്കണമെന്നും കാണിച്ച് സർക്കാരിൽ ലഭിച്ച നിവേദനം പരിഗണിച്ച്, സർക്കാർ 02.06.2017-ൽ സൗദി അറേബ്യയിലെ ഇന്ത്യൻ നയതന്ത്രകാര്യാലയത്തിന് ആവശ്യമായ സഹായം ശ്രീമതി.സജിതയ്ക്ക് ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കത്തയക്കുകയുണ്ടായി. ഇന്ത്യൻ നയതന്ത്രകാര്യാലയത്തിൽ നിന്നും മറുപടിയൊന്നും ലഭിക്കാത്തതിനാൽ പിന്നീട് 01.08.2017-ൽ ഒരു ഓർമ്മക്കത്തുകൂടി അയക്കുകയുണ്ടായി. ടി കത്തുകളുടെ പകർപ്പുകൾ അറിവിലേയ്ക്കായി പരാതിക്കാരിക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ